"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ് - മാനേജിംഗ് ഡയറക്ടറുടെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.192/2025/P&EA    തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.431/2016/പ്ലാനിംഗ് തീയതി 24.11.2016
2. സ.ഉ.(സാധാ) നം.42/2017/പ്ലാനിംഗ് തീയതി 03.11.2017
3. സ.ഉ.(സാധാ) നം.455/2020/പ്ലാനിംഗ് തീയതി 30.11.2020
4. സ.ഉ.(സാധാ) നം.61/2021/പ്ലാനിംഗ് തീയതി 03.02.2021
5. സ.ഉ.(സാധാ) നം.25/2022/പ്ലാനിംഗ് തീയതി 13.01.2022
6. സ.ഉ.(സാധാ)നം.449/2023/പി&ഇഎ തീയതി 02.11.2023
7. സ.ഉ(സാധാ)നം.211/2024/പി&ഇഎ തീയതി 06.06.2024
8. സ.ഉ(സാധാ)നം.424/2024/പി&ഇഎ തീയതി 21.11.2024
9. സ.ഉ(സാധാ)നം.151/2024/പി&ഇഎ തീയതി 25.04.2024
10. സ.ഉ(സാധാ)നം.358/2024/പി&ഇഎ തീയതി 24.09.2024
11. വിവിഡ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 14.04.2025 ലെ 1/ജി എൽ/2025-26/വിവിഡ് നമ്പർ കത്ത്

ഉത്തരവ്

വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.വി.രാമചന്ദ്രൻ പോറ്റിയെ നിയമിച്ച് ഉത്തരവായിരുന്നു. 24.11.2016 ൽ പ്രസ്തുത ചുമതലയിൽ പ്രവേശിച്ച ടിയാന്റെ സേവനകാലയളവ് പരാമർശം (2) മുതൽ (8) വരെയുള്ള ഉത്തരവുകൾ പ്രകാരം തുടർച്ചയായി 28.05.2025 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കൂടാതെ മാനേജിംഗ് ഡയറക്ടറുടെ തസ്തികയിലേക്ക് യോഗ്യനായ ഉദ്യോഗസ്ഥനെ തിരഞ്ഞെടുക്കാൻ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡിനെ ചുമതലപ്പെടുത്തിയും പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസയോഗ്യത, പ്രായപരിധി, പ്രവൃത്തി പരിചയം എന്നിവ നിശ്ചയിച്ചും പരാമർശം (9), (10) എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന പുതിയ മാനേജിംഗ് ഡയറക്ടറെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ വിവിഡ് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി, കേരള പബ്ലിക്

എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് മുഖേനയുള്ള പുതിയനിയമനം നടത്തുന്നത് വരേയോ, 29.05.2025 മുതൽ ഒരു വർഷം വരെയോ ഏതാണോ ആദ്യ തീയതി, അതുവരെ നിലവിലെ സേവന വേതന വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ വി.രാമചന്ദ്രൻ പോറ്റിക്ക് വിവിഡ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി തുടരാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

1. ശ്രീ. വി.രാമചന്ദ്രൻ പോറ്റി, മാനേജിംഗ് ഡയറക്ടർ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ്, പൂജ' , ഹസ് നമ്പർ. 12/132(1), മാർത്തോമാ ചർച്ചിന് പുറക് വശം, വർക്കല റെയിൽവേ സ്റ്റേഷൻ സമീപം, ചെറുകുന്നം പോസ്റ്റ്, വർക്കല-695141
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്
7. ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്
8. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sajith T
Date: 05-05-2025 10:10:46
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്